ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷൻ, കേരളം
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം
*Ph: 0471-2580574 email: nftwkerala@gmail.com*

# പ്രസിദ്ധീകരണ കുറിപ്പ്

സർവീസിൽ നിന്ന് വിരമിച്ച അദ്ധ്യാപകർക്കും സർവീസിലിരിക്കെ മരണമടഞ്ഞ അദ്ധ്യാപകരുടെ ആശ്രിതർക്കും ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷൻ പൊതുസഹായ പദ്ധതി 2023 പ്രകാരം സാമ്പത്തിക സഹായത്തിന് അപേക്ഷിക്കാം.

വാർഷിക കുടുംബ വരുമാനം 6,00,000/- (ആറുലക്ഷം രൂപ) രൂപയിൽ കുറവുള്ള സർവീസിൽ നിന്ന് വിരമിച്ച അദ്ധ്യാപകർ, സർവീസിലിരിക്കെ മരണമടഞ്ഞ അദ്ധ്യാപകരുടെ ആശ്രിതർ എന്നിവരാണ് അപേക്ഷിക്കുവാൻ അർഹർ. ഈ സാമ്പത്തിക സഹായത്തിന് അപേക്ഷിക്കുവാൻ അർഹതയുള്ളവർ, അപേക്ഷാഫോറവും നിബന്ധനകളും ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷൻ (NFTW) വെബ് സൈറ്റ് ആയ www.nftwkerala.org എന്ന സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് അനുബന്ധരേഖകൾ സഹിതം ജൂലായ് 30- ാം തീയതിയ്ക്ക് മുൻപായി ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷൻ ആഫീസിൽ ലഭിക്കേണ്ടതാണ്.

ഒപ്പ്/-

**സെക്രട്ടറി/ട്രഷറർ**
ദേശീയ അദ്ധ്യാപക്ഷേമ ഫൗണ്ടേഷൻ
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

വിലാസം

അസിസ്റ്റന്റ് സെക്രട്ടറി
ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷൻ, കേരളം
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ജഗതി, തിരുവനന്തപുരം- 14
ഫോൺ- 0471- 2580574

# ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷൻ

## National Foundation for Teachers' Welfare (NFTW)

## *GENERAL ASSISTANCE- 2023*

*NFTW- പൊതു സഹായ പദ്ധതി പ്രകാര സാമ്പത്തിക സഹായത്തിന് സർവീസിൽ നിന്നും വിരമിച്ച അദ്ധ്യാപകരിൽ നിന്നും സർവീസിൽ ഇരിക്കെവ മരണമടഞ്ഞ അദ്ധ്യാപകരുടെ ആശ്രിതരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.*

ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷൻ (NFTW) കേരളഘടകം സർവീസിൽ നിന്നും വിരമിച്ച അദ്ധ്യാപകർക്കു, സർവീസിലിരിക്കെ മരണമടഞ്ഞ അദ്ധ്യാപകരുടെ ആശ്രിതർക്കും സാമ്പത്തിക സഹായം എത്തിക്കുന്നതിന്റെ ഭാഗമായി പൊതുസഹായ പദ്ധതി (General Assistance- 2023) പ്രകാരം അപേക്ഷ ക്ഷണിക്കുന്നു.

### നിബന്ധനകൾ

**ആർക്കൊക്കെ അപേക്ഷിക്കാം.**

വാർഷിക കുടുംബ മൊത്ത വരുമാനം 6,00,000/- രൂപയിൽ കുറവുള്ള

1. സർവീസിൽ നിന്നും വിരമിച്ച അദ്ധ്യാപകർ
2. സർവീസിലിരിക്കെ മരണമടഞ്ഞ അദ്ധ്യാപകരുടെ ആശ്രിതർ

**വ്യവസ്ഥകൾ**

1. അപേക്ഷകരുടെ കുടുംബവാർഷിക മൊത്ത വരുമാനം 6,00,000/- രൂപയിൽ അധികമാകാൻ പാടില്ല. ഇതു തെളിയിക്കുന്നതിന് വില്ലേജ് ആഫീസറിൽ നിന്നും ലഭിക്കുന്ന അസ്സൽ വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അസ്സൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരുടെ അപേക്ഷ അപ്പോൾ തന്നെ നിരസിക്കുന്നതാണ്.
2. മരിച്ച പോയ അദ്ധ്യാപകരുടെ ആശ്രിതർക്ക് ഭർത്താവ്/ഭാര്യ/മക്കൾ അപേക്ഷിക്കാം. മരിച്ചപോയ അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് കുറഞ്ഞത് 5 വർഷത്തെ സർവീസ് ഉണ്ടായിരിക്കണം. ആ കുടുംബത്തെ സഹായിക്കുന്നതിന് സ്ഥിര വരുമാനമുള്ള അംഗങ്ങൾ ആരെങ്കിലു ഉണ്ടെങ്കിൽ സഹായധനത്തിന് അർഹരല്ല. മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പും, പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പും അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കണം.

**സാമ്പത്തിക സഹായം എന്തിനെല്ലാം ലഭിക്കും**

1. സർവീസിൽ നിന്നു വിരമിച്ച അദ്ധ്യാപകരും വളരെ ഗുരുതരവും ദീർഘവും ചികിൽസയ്ക്ക് അത്യധികം സാമ്പത്തിക ബാദ്ധ്യതയുള്ളതുമായ രോഗം പിടിപ്പെട്ടു. അവശത അനുഭവിക്കുന്ന അദ്ധ്യാപകർക്ക് കുറഞ്ഞത് അഞ്ച് വർഷത്തെ അദ്ധ്യാപന സർവീസ് ഉണ്ടെങ്കിൽ അപേക്ഷിക്കാം ഇത് തെളയിക്കുന്നതിന് സർക്കാർ സർവീസിലുള്ള ഒരു മെഡിക്കൽ ആഫീസറുടെ സർട്ടിഫിക്കറ്റും ഒറിജിനൽ മെഡിക്കൽ ബില്ലുകളും അപേക്ഷയോടൊപ്പം ഹാജരാക്കണം.
2. സർവീസിൽ ഇരിക്കെവ മരണമടഞ്ഞ അദ്ധ്യാപകരുടെ അവിവാഹിതരായ പെൺമക്കളുടെ വിവാഹാവശ്യത്തിനും പൊതുസഹായ പദ്ധതി പ്രകാരം സാമ്പത്തിക

സഹായത്തിന് അപേക്ഷിക്കാം. അപേക്ഷകയ്ക്ക്/അപേക്ഷകന് കുറഞ്ഞത് പത്തുവർഷത്തെ സർവിസ് ഉണ്ടായിരിക്കണം. വിവാഹിതയാകേണ്ട കുട്ടി ഉദ്യോഗസ്ഥയാണെങ്കിൽ സഹായധനത്തിന് അർഹമാകുകയില്ല.

3. സർവീസിൽ ഇരിക്കെ മരണമടഞ്ഞ അദ്ധ്യാപകരുടെ സന്താനങ്ങൾ ചെലവേറിയ ഏതെങ്കിലും കോഴ്സുകൾക്കാണ് ഉപരിപഠനം നടത്തുന്നതെങ്കിലും സഹായധനത്തിന് അപേക്ഷിക്കാം. ഇപ്രകാരം അപേക്ഷിക്കുന്നതെങ്കിൽ ആ വിദ്യാർത്ഥികൾക്ക് മറ്റൊരു സ്കോളർഷിപ്പോ മറ്റേതെങ്കിലും ധനസഹായമോ ഉണ്ടായിരിക്കാൻ പാടില്ല. ഈ പദ്ധതി പ്രകാരം അപേക്ഷിക്കുന്ന അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് കുറഞ്ഞത് 10 വർഷത്തെ അദ്ധ്യാപന സർവീസ് ഉണ്ടായിരിക്കണം.

## അപേക്ഷിക്കേണ്ട രീതി

1. അദ്ധ്യാപകർ (സർവീസിൽ നിന്നു വിരമിച്ചവരും) എ- ഫോറത്തിലും ആശ്രിതർ ബി- ഫോറത്തിലുമാണ് അപേക്ഷിക്കേണ്ടത്.
2. അപേക്ഷാഫോറത്തിലെ എല്ലാകോളങ്ങളും വ്യക്തമായി പൂരിപ്പിക്കണം. മുഴുവനും പൂരിപ്പിക്കാത്തതും, മതിയായ രേഖകളില്ലാത്തതും, അപൂർണ്ണവുമായ അപേക്ഷകൾ നിരസിക്കുന്നതാണ്. അപേക്ഷാഫോറത്തിന്റെ മുകളിൽ നിർദ്ദിഷ്ട സ്ഥാനത്ത് വിദ്യാഭ്യാസ ജില്ല കൃത്യമായി കാണിച്ചിരിക്കണം.
3. കുടുംബ മൊത്ത വാർഷിക വരുമാനം കണക്കാക്കുന്നത് ശമ്പളം, പെൻഷൻ, അലവൻസുകൾ, മറ്റ് ആദായങ്ങൾ എന്നിവ എല്ലാം ഉൾപ്പെടെയാണ്. വില്ലേജ് ആഫീസറുടെ അസ്സൽ സർട്ടിഫിക്കറ്റ് തന്നെ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽ അപേക്ഷ അപ്പോൾ തന്നെ നിരസിക്കുന്നതാണ്.
4. അപേക്ഷയിലെ വിവരങ്ങൾ സാക്ഷ്യപ്പെടുത്തേണ്ടത് അപേക്ഷകൻ വിരമിച്ച സമയത്ത് ജോലി ചെയ്തിരുന്ന സ്ഥാപനത്തിലെ മേലധികാരിയാണ്. സർവീസിലിരിക്കെ മരിച്ചു പോയ അദ്ധ്യാപകരുടെ ആശ്രിതർ, അദ്ധ്യാപകൻ/അദ്ധ്യാപിക അവസാനം ജോലി ചെയ്തിരുന്ന വിദ്യാലയത്തിലെ മേലധികാരിയെ കൊണ്ടും സാക്ഷ്യപ്പെടുത്തേണ്ടതാണ്. എൽ.പി., യു.പി. വിദ്യാലയങ്ങളിലെ അദ്ധ്യാപകർ, ഉപജില്ലാവിദ്യാഭ്യാസ ആഫീസറുടെ മേലൊപ്പ് വാങ്ങേണ്ടതും എച്ച്.എസ് അദ്ധ്യാപകർ ഹെഡ്മാസ്റ്ററുടെ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതുമാണ്.
5. അപേക്ഷ സമർപ്പിക്കുമ്പോൾ അതിൽ പറഞ്ഞിരിക്കുന്ന വിവരം യഥാവിധി പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ കൂടി ഹാജരാക്കണം.
6. അപേക്ഷയുടെ രണ്ട് പ്രതികൾ സമർപ്പിക്കേണ്ടതാണ്.

**അപേക്ഷാഫോറം 2023 ജൂൺ 21 മുതൽ 2023 ജൂലായ് 20 വരെ www.nftwkerala.org സൈറ്റിൽ ലഭ്യമാണ്.**

**പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന ദിവസം ജൂലായ് 30.**

**അപേക്ഷ അയയ്ക്കേണ്ട വിലാസം**

Assistant Secretary, NFTW
Office of the DGE
Jagathy, Thiruvananthapuram - 695 014.

പൂരിപ്പിച്ച അപേക്ഷയും മേൽപ്പറഞ്ഞ വിലാസത്തിൽ തന്നെയാണ് അയയ്ക്കേണ്ടത്. വരുമാന സർട്ടിഫിക്കറ്റും മെഡിക്കൽ ബില്ലുകളും മറ്റു രേഖകളും തെളിവായി വച്ചിട്ടില്ലെങ്കിൽ അപ്രകാരമുള്ള അപേക്ഷ ഉടൻ തന്നെ നിരസിക്കുന്നതാണ്. അപേക്ഷയോടൊപ്പം അയയ്ക്കാത്ത രേഖകൾ പിന്നീട് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

പൂരിപ്പിച്ച അപേക്ഷ 2023 ജൂലായ് 30 വരെ NFTW ആഫീസിൽ സ്വീകരിക്കുന്നതാണ്. താമസിച്ച് ലഭിക്കുന്നതോ അപൂർണ്ണമോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഫൗണ്ടേഷനിൽ ലഭിക്കുന്ന അപേക്ഷകൾ ഒരു മെഡിക്കൽ ബോർഡിൽ വച്ച് പരിശോധിച്ചശേഷം അതാത് ജില്ലാ വിദ്യാഭ്യാസ ആഫീസർ അദ്ധ്യക്ഷനും , ജനപ്രതിനിധികൾ, അദ്ധ്യാപക സംഘടനാ പ്രതിനിധികൾ എന്നിവർ അംഗങ്ങളും ആയുള്ള ഒരു സമിതി പരിശോധിച്ച് ശുപാർശ നൽകുന്നതിനുവേണ്ടി ജില്ലാവിദ്യാഭ്യാസ ആഫീസിലേയ്ക്ക് അയച്ചുകൊടുക്കുന്നതാണ്. ജില്ലാവിദ്യാഭ്യാസ ആഫീസിൽ ചേരുന്ന അദ്ധ്യാപക സംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ എന്നിവർ ചേർന്ന് തീരുമാനം കൈക്കൊള്ളുന്ന വേളയിൽ അപേക്ഷകന്/അപേക്ഷകയ്ക്ക് എത്ര രൂപ ധന സഹായ അനുവദിയ്ക്കാമെന്ന് ശുപാർശ ചെയ്യുന്ന തുകയായിരിക്കും ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷനിൽ നിന്നും ലഭിക്കുന്നത്. അപേക്ഷകന്/അപേക്ഷകയ്ക്ക് പരമാവധി ധനസഹായ തുക 20,000/- രൂപയാണ്.

ഒരു പ്രാവശ്യം ഈ പദ്ധതി പ്രകാരം സഹായധനം ലഭിച്ചവർ തുടർന്നുള്ള വർഷത്തേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. പൊതുസഹായ പദ്ധതി (General Assistance) പ്രകാരം ലഭിക്കുന്ന അപേക്ഷകളിൻമേലുള്ള തീരുമാനത്തിനുള്ള പൂർണ്ണ അധികാരം NFTW - യിൽ നിക്ഷിപ്തമാണ്.

# ദേശീയ അദ്ധ്യാപക ക്ഷേമ ഫൗണ്ടേഷൻ

ഫാറം. എ

**National Foundation for Teachers' Welfare (N.F.T.W.)**

**(General Assistance 2023)**

പൊതു സഹായ പദ്ധതി

(അദ്ധ്യാപകർക്ക്)

(സർവ്വീസിൽ നിന്ന് വിരമിച്ചവർ)

## അപേക്ഷാ ഫാറം

(എല്ലാ കോളങ്ങളും പൂരിപ്പിക്കണം. ബാധകമല്ലാത്ത വിവരങ്ങൾ " ബാധകമല്ല " എന്നു രേഖപ്പെടുത്തണം.
നിർദ്ദേശങ്ങൾ വ്യക്തമായി മനസ്സിലാക്കിയശേഷം മാത്രം അപേക്ഷ പൂരിപ്പിക്കുക.
തെറ്റും അപൂർണ്ണവുമായ അപേക്ഷകൾ നിരസിക്കുന്നതാണ്.)

റവന്യൂ ജില്ല ______ വിദ്യാഭ്യാസ ജില്ല ______

വിദ്യാഭ്യാസ ഉപജില്ല ______

(അപേക്ഷകൻ / അപേക്ഷക അവസാനം ജോലി ചെയ്തിരുന്ന റവന്യൂ ജില്ലയുടേയും വിദ്യാഭ്യാസ ജില്ലയുടേയും ഉപജില്ലയുടേയും പേര് എഴുതണം.)

| | |
|---|---|
| 1. അപേക്ഷകന്റെ / അപേക്ഷകയുടെ പേരും മേൽവിലാസവും. (പോസ്റ്റാഫീസും,താലൂക്കും ഡിസ്ട്രിക്റ്റും പിൻകോഡ് ഫോൺ നമ്പർ സഹിതം കാണിച്ചിരിക്കണം) | |
| 2. അപേക്ഷകന്റെ / അപേക്ഷകയുടെ ജനനതീയതിയും ജനുവരി ഒന്നിന് പൂർത്തിയായ വയസ്സും | |
| a) ഉദ്യോഗ വിവരം (Designation) | |
| b) അവസാനം സേവനം അനുഷ്ഠിച്ച സ്കൂളിന്റെ / സ്ഥാപനത്തിന്റെ പേര് | |
| c) സ്ഥാപനത്തിന്റെ സ്വഭാവം | ഗവൺമെന്റ് സ്ഥാപനം / ഗവ. എയിഡഡ് |
| e) അദ്ധ്യാപകനായി / അദ്ധ്യാപികയായി തുടർച്ചയായ സർവ്വീസ് ആരംഭിച്ച തീയതി ജനുവരി ഒന്നുവരെയുള്ള സർവ്വീസ് | ............ വർഷം ............ മാസം ............ ദിവസം |
| f) ജോലി സ്വഭാവം | സ്ഥിരം / ആക്ടിംഗ് / താൽക്കാലികം |
| g) പെൻഷൻ കിട്ടാവുന്നതാണോ? | ആണ് / അല്ല |

5. ഇപ്പോൾ സർവ്വീസിലില്ലെങ്കിൽ ലാവണം അടിസ്ഥാനമാക്കി താഴെ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ നൽകുക.

| | |
|---|---|
| a) ഉദ്യോഗത്തിൽ നിന്നും വിരമിച്ചപ്പോൾ പൂർത്തിയായ വയസ്സ് | |
| b) വിരമിച്ചപ്പോഴുള്ള ഉദ്യോഗ വിവരം | |
| c) അവസാനമായി ഉദ്യോഗത്തിലിരുന്ന സ്കൂളിന്റെ പേര് | |
| d) സ്ഥാപനത്തിന്റെ സ്വഭാവം | ഗവൺമെന്റ് സ്ഥാപനം / ഗവ. എയിഡഡ് സ്ഥാപനം |
| e) സർവ്വീസിൽ പ്രവേശിച്ച തീയതി | |
| f) ഉദ്യോഗത്തിൽ നിന്നും വിരമിച്ച തീയതി | |
| g) മൊത്തം അദ്ധ്യാപക സർവ്വീസ് | ................ വർഷം ............................ മാസം ............ ദിവസം |
| h) വിരമിക്കുന്നതിനുള്ള കാരണം | |
| i) വിരമിച്ചതിന്റെ ഫലമായി അനുവദിച്ച<br>1. പെൻഷൻ<br>2. ഗ്രാറ്റുവിറ്റി<br>3. മറ്റിനത്തിൽ കിട്ടിയത് | 1. പ്രതിമാസം ................................ രൂപ<br>വാർഷികം ................................ രൂപ<br>ആകെ ................................ രൂപ<br>2. ടി ................................ രൂപ<br>3. ................................ രൂപ |
| j) വിരമിച്ചപ്പോൾ താഴെ പറയുന്ന ഇനങ്ങളിൽ കിട്ടിയ തുകകൾ:-<br>1. പ്രോവിഡന്റ് ഫണ്ട്<br>2. ഇൻഷുറൻസ്<br>3. മറ്റിനം | <br>................................ രൂപ<br>................................ രൂപ<br>................................ രൂപ |
| 6. മറ്റു വരവുകൾ (വസ്തുവകകൾ, മുതൽ മുടക്ക് മുതലായവ) | വാർഷിക വരുമാനം ................................ രൂപ |
| 7. അപേക്ഷകന്റെയോ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെയോ വസ്തുവകകൾ, ഉദ്യോഗം മുതലായവയിൽ നിന്നുള്ള ആകെ വരവ് | പ്രതിവർഷം ................................ രൂപ |

8. അപേക്ഷകനെ / അപേക്ഷകയെ ആശ്രയിച്ചു കഴിയുന്ന കുടുംബാംഗങ്ങളെ സംബന്ധിക്കുന്ന വിവരം കൂട്ടുകുടുംബമായാണ് കഴിയുന്നതെങ്കിൽ ഒരുമിച്ചു താമസിക്കുന്നവരുടെയെല്ലാം പേര് ഉൾപ്പെടുത്തേണ്ടതാണ്.)

| ക്രമ നമ്പർ | പേര് | വയസ്സ് | അപേക്ഷകയോടുള്ള / അപേക്ഷകനോടുള്ള ബന്ധം | ജോലി | പ്രതിമാസ വരവ് |
|---|---|---|---|---|---|
| | | | | | |

9. സാമ്പത്തിക സഹായത്തിന്റെ ആവശ്യമെന്ത്? സാമ്പത്തിക സഹായം എന്തിനെല്ലാം ലഭ്യമാകുമെന്ന് അപേക്ഷാ ഫാറത്തോടൊപ്പം ലഭ്യമാകുന്ന നിബന്ധനകളിൽ വിവരിച്ചിട്ടുണ്ട്? (1 മുതൽ 3 വരെ)

കുറിപ്പ് :- 1. ആവശ്യം വിശദമായി എഴുതണം.

2. ആവശ്യം തെളിയിക്കുന്നതിനു വേണ്ട സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം.

| | |
|---|---|
| 10. ഇതിനുമുമ്പ് അധ്യാപകക്ഷേമ ഫൗണ്ടേഷനിൽ നിന്നും സഹായമെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ?<br>ഉണ്ടെങ്കിൽ എത്ര തവണ?<br>ഓരോ തവണയും ലഭിച്ച തുക?<br>ഏതെല്ലാം വർഷങ്ങളിൽ ലഭിച്ചു? | |
| 11. a) അപേക്ഷകന്റെ / അപേക്ഷകയുടെ കുട്ടികൾക്ക് ഏതെങ്കിലും തരത്തിലുള്ള സ്കോളർഷിപ്പുകളോ വിദ്യാഭ്യാസാനുകൂല്യങ്ങളോ ലഭിക്കുന്നുണ്ടെങ്കിൽ എത്രമാത്രം? വിശദമാക്കുക | .............................................. രൂപ |
| b) ഉപരി വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുണ്ടെങ്കിൽ അപേക്ഷിച്ച തീയതിയും മറ്റു വിവരങ്ങളും. | |

12. സർട്ടിഫിക്കറ്റുകൾ

A. **അപേക്ഷകൻ / അപേക്ഷക നൽകേണ്ടത്,**

ഈ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എനിക്കു പൂർണ്ണ ബോദ്ധ്യമുള്ളവയാണെന്നും അവ ശരിയാണെന്നും ഞാൻ ഉറപ്പു തന്നുകൊള്ളുന്നു. അവയിൽ ഏതെങ്കിലും ശരിയല്ലെന്നു തെളിയിക്കുകയാണെങ്കിൽ അദ്ധ്യാപക ക്ഷേമ ഫൗണ്ടേഷൻ പ്രവർത്തക സമിതി എടുക്കുന്ന ഏതു നടപടിക്കും ഞാൻ വിധേയനാകുന്നതാണ്. എനിക്കു നാളിതുവരെ അദ്ധ്യാപക ക്ഷേമ ഫൗണ്ടേഷനിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല / .................................................. പ്രാവശ്യം ലഭിച്ചിട്ടുണ്ട്. (ബാധകമല്ലാത്തതു വെട്ടിക്കളയുക.)

സ്ഥലം ..........................................

തീയതി .......................................... **അപേക്ഷകന്റെ/അപേക്ഷകയുടെ ഒപ്പ്.**

B. **മേലധികാരിയുടെ സർട്ടിഫിക്കറ്റ്** (അദ്ധ്യാപകൻ / അദ്ധ്യാപിക ജോലി ചെയ്യുന്ന / അവസാനം ജോലി ചെയ്തിരുന്ന സ്ഥാപനത്തിന്റെ മേലധികാരി)

ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ ശരിയാണെന്ന് എനിക്ക് ബോദ്ധ്യമുണ്ട്, സർവ്വീസ് കാലമത്രയും ആത്മാർത്ഥമായി തന്റെ കർത്തവ്യ നിർവ്വഹണത്തിൽ അപേക്ഷകൻ/ അപേക്ഷക ശ്രദ്ധിച്ചിട്ടുണ്ടെന്നും തൽഫലമായി മറ്റുള്ളവരുടെ സ്നേഹാദരവുകൾക്ക് അദ്ദേഹം പാത്രമായിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം .......................................... മേലധികാരിയുടെ ഒപ്പ് ..........................................

തീയതി .......................................... പേരും ഉദ്യോഗ വിവരവും ..........................................

ആഫീസ് മുദ്ര

---

C. **രണ്ടു സർട്ടിഫിക്കറ്റുകൾ:** (സ്ഥലത്തെ പഞ്ചായത്ത് / മുനിസിപ്പാലിറ്റി അംഗങ്ങൾ / അസംബ്ളി / പാർലമെന്റ് അംഗങ്ങൾ, ഗസറ്റഡ് ഉദ്യോഗസ്ഥന്മാർ എന്നിവരിൽ രണ്ടു പേർ)

അപേക്ഷകനെ നേരിട്ടറിയാമെന്നും ബോദ്ധ്യമായിടത്തോളം അപേക്ഷകന്റെ സാമ്പത്തികസ്ഥിതി സഹായം അർഹിക്കുന്നതാണെന്നും അപേക്ഷകനുമായി ഞങ്ങൾക്ക് ബന്ധമില്ലെന്നും സർട്ടിഫൈ ചെയ്തുകൊള്ളുന്നു.

സ്ഥലം .......................................... (1) ഒപ്പ് ..........................................

തീയതി .......................................... പേരും ഉദ്യോഗ വിവരവും ..........................................

ആഫീസ് മുദ്ര

സ്ഥലം .......................................... (1) ഒപ്പ് ..........................................

തീയതി .......................................... പേരും ഉദ്യോഗ വിവരവും ..........................................

ആഫീസ് മുദ്ര

---

13. പ്രവർത്തക സമിതിയുടെ തീരുമാനം അനുകൂലമായാലും പ്രതികൂലമായാലും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

ഒപ്പ് ..........................................

സ്ഥലം .......................................... പേര് ..........................................

ജില്ലാ വിദ്യാഭ്യാസ ഓഫീസർ

(കൺവീനർ)

തീയതി ..........................................

..........................................ജില്ല

ആഫീസ് മുദ്ര

ഫാറം ബി

# ദേശീയ അദ്ധ്യാപക ക്ഷേമ ഫൗണ്ടേഷൻ

## National Foundation for Teachers' Welfare (N.F.T.W.)

## (General Assistance 2023)

പൊതു സഹായ പദ്ധതി

(മരണപ്പെട്ട അദ്ധ്യാപകരുടെ ആശ്രിതർക്ക്)

# അപേക്ഷാ ഫാറം

(എല്ലാ കോളങ്ങളും പൂരിപ്പിക്കണം. ബാധകമല്ലാത്ത വിവരങ്ങൾ " ബാധകമല്ല " എന്നു രേഖപ്പെടുത്തണം.
നിർദ്ദേശങ്ങൾ വ്യക്തമായി മനസ്സിലാക്കിയശേഷം മാത്രം അപേക്ഷ പൂരിപ്പിക്കുക.
തെറ്റും അപൂർണ്ണവുമായ അപേക്ഷകൾ നിരസിക്കുന്നതാണ്.)

റവന്യൂ ജില്ല ______ വിദ്യാഭ്യാസ ജില്ല ______

വിദ്യാഭ്യാസ ഉപജില്ല ______

(ബന്ധപ്പെട്ട അദ്ധ്യാപകൻ / അദ്ധ്യാപിക അവസാനം ജോലി ചെയ്തിരുന്ന റവന്യൂജില്ല ,വിദ്യാഭ്യാസ ജില്ല, വിദ്യാഭ്യാസ ഉപജില്ല എന്നിവയുടെ പേര് എഴുതണം.)

| | |
|---|---|
| 1. അപേക്ഷകന്റെ പേരും മേൽവിലാസവും. (പോസ്റ്റാഫീസും, താലൂക്കും ഡിസ്ട്രിക്റ്റും പിൻകോഡ് സഹിതം കാണിച്ചിരിക്കണം) | |
| 2. അപേക്ഷകന്റെ ജനനതീയതിയും ജനുവരി ഒന്നിന് പൂർത്തിയായ വയസ്സും | |
| 3. ബന്ധപ്പെട്ട അദ്ധ്യാപകന്റെ / അദ്ധ്യാപികയുടെ പേര് | |
| 4. അദ്ധ്യാപകനോടുള്ള / അദ്ധ്യാപികയോടുള്ള ബന്ധം | |
| 5. അവസാനമുണ്ടായിരുന്ന ലാവണം അടിസ്ഥാനമാക്കി താഴെ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ നൽകുക. | |
| a) മരണമടഞ്ഞ തീയതിയും അപ്പോൾ തികഞ്ഞ വയസ്സും | |
| b) ഉദ്യോഗ വിവരം (Designation) | |
| c) സ്കൂളിന്റെ / സ്ഥാപനത്തിന്റെ പേര് | |
| d) സ്ഥാപനത്തിന്റെ സ്വഭാവം | ഗവൺമെന്റ് സ്ഥാപനം / ഗവ. എയിഡഡ്<br>പ്രൈവറ്റ് സ്ഥാപനം / ഗവ. അംഗീകാരം<br>മാത്രമുള്ളസ്ഥാപനം |
| e) സർവ്വീസിൽ പ്രവേശിച്ച തീയതി | |
| f) സർവ്വീസിൽ ഇരിക്കവേ മരണപ്പെട്ട തീയതി | |

| | |
|---|---|
| g) അദ്ധ്യാപകനായിട്ടുള്ള/അദ്ധ്യാപികയായിട്ടുള്ള മൊത്തം സർവ്വീസ് | ............വർഷം............മാസം............ദിവസം |
| h) വിരമിക്കുന്നതിനുള്ള കാരണം | |
| i) വിരമിച്ചതിന്റെ ഫലമായി അനുവദിച്ച<br>1. പെൻഷൻ<br>2. ഗ്രാറ്റുവിറ്റി<br>3. മറ്റിനത്തിൽ കിട്ടിയത് | 1.പ്രതിമാസം ..........................................രൂപ<br>വാർഷികം ..........................................രൂപ<br>ആകെ ..........................................രൂപ<br>2. ..........................................രൂപ<br>3. |
| j) അദ്ധ്യാപകൻ /അദ്ധ്യാപിക വിരമിച്ചപ്പോൾ താഴെ പറയുന്ന ഇനങ്ങളിൽ കിട്ടിയ തുകകൾ :-<br>1. കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട്<br>2. പ്രോവിഡന്റ് ഫണ്ട്<br>3. ഇൻഷ്വറൻസ്<br>4. മറ്റിനം | ..........................................രൂപ<br>..........................................രൂപ<br>..........................................രൂപ<br>..........................................രൂപ<br>ആകെ ..........................................രൂപ |
| 5. അദ്ധ്യാപകന്റെ / അദ്ധ്യാപികയുടെ ആശ്രിതനാണെന്ന് തെളിയിക്കുന്ന രേഖയുടെ വിവരം<br>(ശരിപ്പകർപ്പ് ഇതോടൊപ്പം വയ്ക്കണം) | |
| 7. അപേക്ഷകൻ / അപേക്ഷക ഉൾപ്പെടെയുള്ള കുടുംബാംഗങ്ങളുടെ വസ്തുവകകളിൽ നിന്നും, മറ്റ് എല്ലായിനങ്ങളിലുമുള്ള ആകെ വരവ് | പ്രതിമാസം ..........................................രൂപ |

8. മരണമടഞ്ഞ അദ്ധ്യാപകനെ/അദ്ധ്യാപികയെ ആശ്രയിച്ചു കഴിഞ്ഞുവന്നിരുന്ന അപേക്ഷകൻ/ അപേക്ഷക ഉൾപ്പെടെയുള്ള കുടുംബാംഗങ്ങളെ സംബന്ധിക്കുന്ന വിവരം (ഒരുമിച്ചു താമസിക്കുന്നവരുടെയെല്ലാം പേര് ഉൾപ്പെടുത്തേണ്ടതാണ്.)

| ക്രമ നമ്പർ | പേര് | വയസ്സ് | അപേക്ഷകയോടുള്ള / അപേക്ഷകനോടുള്ള ബന്ധം | ജോലി | പ്രതിമാസ വരവ് |
|---|---|---|---|---|---|
| | | | | | |

9. സാമ്പത്തിക സഹായത്തിന്റെ ആവശ്യമെന്ത്?
സാമ്പത്തിക സഹായം എന്തിനെല്ലാം ലഭ്യമാകുമെന്ന് അപേക്ഷാ ഫാറത്തോടൊപ്പം ലഭ്യമാകുന്ന നിബന്ധനകളിൽ വിവരിച്ചിട്ടുണ്ട്? (1 മുതൽ 3 വരെ)

കുറിപ്പ് :- 1. ആവശ്യം വിശദമായി എഴുതണം.
2. ആവശ്യം തെളിയിക്കുന്നതിനു വേണ്ട സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം.

| | |
|---|---|
| 10. ഇതിനുമുമ്പ് അധ്യാപകക്ഷേമ ഫൗണ്ടേഷനിൽ നിന്നും സഹായമെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ?<br>ഉണ്ടെങ്കിൽ എത്ര തവണ?<br>ഓരോ തവണയും ലഭിച്ച തുക?<br>എതെല്ലാം വർഷങ്ങളിൽ ലഭിച്ചു? | |
| 11. a) അപേക്ഷകന്റെ / അപേക്ഷകയുടെ കുടുംബാംഗങ്ങളിൽ ആർക്കെങ്കിലും ഏതെങ്കിലും തരത്തിലുള്ള സ്കോളർഷിപ്പോ വിദ്യാഭ്യാസാനുകൂല്യങ്ങളോ ലഭിക്കുന്നുണ്ടെങ്കിൽ എത്രമാത്രം? വിശദമാക്കുക | ..............................................രൂപ |
| b) ഉപരി വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുണ്ടെങ്കിൽ അപേക്ഷിച്ച തീയതിയും മറ്റു വിവരങ്ങളും. | |

12. സർട്ടിഫിക്കറ്റുകൾ

A. അപേക്ഷകൻ / അപേക്ഷക നൽകേണ്ടത്,

ഈ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എനിക്കു പൂർണ്ണ ബോദ്ധ്യമുള്ളവയാണെന്നും അവ ശരിയാണെന്നും ഞാൻ ഉറപ്പു തന്നുകൊള്ളുന്നു. അവയിൽ ഏതെങ്കിലും ശരിയല്ലെന്നു തെളിയിക്കുകയാണെങ്കിൽ അധ്യാപക ക്ഷേമ ഫൗണ്ടേഷൻ പ്രവർത്തക സമിതി എടുക്കുന്ന ഏതു നടപടിക്കും ഞാൻ വിധേയനാകുന്നതാണ്. എനിക്കു അദ്ധ്യാപക ക്ഷേമ ഫൗണ്ടേഷനിൽ നിന്നും നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല / ............................................ പ്രാവശ്യം സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്.
(ബാധകമല്ലാത്തതു വെട്ടിക്കളയുക.)

സ്ഥലം ........................................

തീയതി ........................................

അപേക്ഷകയുടെ/അപേക്ഷകന്റെ ഒപ്പ്.

**B. മേലധികാരിയുടെ സർട്ടിഫിക്കറ്റ്** (അവസാനം ജോലി ചെയ്തിരുന്ന സ്ഥാപനത്തിന്റെ മേലധികാരി)

ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ ശരിയാണെന്ന് എനിക്ക് ബോദ്ധ്യമുണ്ട്, സർവ്വീസ് കാലത്തയും ആത്മാർത്ഥമായി തന്റെ കർത്തവ്യ നിർവ്വഹണത്തിൽ പ്രസ്തുത അദ്ധ്യാപകൻ/അദ്ധ്യാപിക ശ്രദ്ധിച്ചിട്ടുണ്ടെന്നും തൽഫലമായി മറ്റുള്ളവരുടെ സ്നേഹാദരവുകൾക്ക് അദ്ദേഹം പാത്രമായിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം .................................... മേലധികാരിയുടെ ഒപ്പ് ....................................................

തീയതി .................................... പേരും ഉദ്യോഗ വിവരവും ....................................................

ആഫീസ് മുദ്ര

---

**C.** : (സ്ഥലത്തെ പഞ്ചായത്ത് / മുനിസിപ്പാലിറ്റി എന്നീ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ / അസംബ്ളി / പാർലമെന്റ് അംഗങ്ങൾ, ഗസറ്റഡ് ഉദ്യോഗസ്ഥന്മാർ എന്നിവരിൽ രണ്ടു പേർ) (സർട്ടിഫിക്കറ്റ് രണ്ടെണ്ണം)

ഞങ്ങൾക്ക് അപേക്ഷകനെ / അപേക്ഷകയെ നേരിട്ടറിയാമെന്നും ബോദ്ധ്യമായിടത്തോളം അപേക്ഷകന്റെ/അപേക്ഷകയുടെസാമ്പത്തിക സ്ഥിതി സഹായം അർഹിക്കുന്നതാണെന്നും അപേക്ഷകനുമായി ഞങ്ങൾക്ക് ബന്ധമില്ലെന്നും സർട്ടിഫൈ ചെയ്തു കൊള്ളുന്നു.

സ്ഥലം .................................... (1) ഒപ്പ് ....................................................

തീയതി .................................... പേരും ഉദ്യോഗ വിവരവും ....................................................

ആഫീസ് മുദ്ര

സ്ഥലം .................................... (2) ഒപ്പ് ....................................................

തീയതി .................................... പേരും ഉദ്യോഗ വിവരവും ....................................................

ആഫീസ് മുദ്ര

---

13. പ്രവർത്തക സമിതിയുടെ തീരുമാനം അനുകൂലമായാലും പ്രതികൂലമായാലും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

ഒപ്പ് ....................................................

പേരും ഉദ്യോഗ വിവരവും....................................................

ജില്ലാ വിദ്യാഭ്യാസ ഓഫീസർ
(കൺവീനർ)

സ്ഥലം .................................... ....................................ജില്ല

തീയതി ....................................

ആഫീസ് മുദ്ര